**പ്രഫസർ അനിൽകുമാറിന്റെ പ്രഭാഷണം – വ്യാഴാഴ്ച തോറും**

**പ്രശാന്തി സന്ദേശം- ഉപാഖ്യാനം 281**

# ഞാൻ ഒരു വിദ്യാർത്ഥിയാണോ?

**AM I A STUDENT?**

**ജൂലൈ 24, 2025 വ്യാഴം**

ഓം ശ്രീ സായിരാം!

പ്രശാന്തി സന്ദേശം നിങ്ങളെ സ്വാഗതം ചെയ്യുന്നു.

## ഞാൻ എവിടെയാണ്?

ഇനി, നമുക്ക് വിശകലനം ചെയ്യാം! "ഞാൻ എവിടെയാണ്?"(Where am I?) മൂന്ന് നിലകൾ ഉണ്ട്. അതിലേതു നിലയിലാണ് നമ്മളെന്ന് നമുക്കു നോക്കാം. ഒരു വിദ്യാർത്ഥിയുടെ നിലയിലാണോ ഞാൻ? അതോ ഒരു ശിഷ്യന്റെ നിലയിലാണോ ഞാൻ? അതുമല്ലെങ്കിൽ ഞാനൊരു ഭക്തനാണോ? ഇവയാണാ മൂന്ന് നിലകൾ, ഇവയാണാ മൂന്ന് ഘട്ടങ്ങൾ.




നിങ്ങൾ യാത്ര ചെയ്യുമ്പോൾ, നിങ്ങൾക്ക് ആംസ്റ്റർഡാമിലേക്ക് പറക്കാം, അവിടെനിന്ന് ന്യൂയോർക്കിലേക്ക്, വാഷിങ്ടണിലേക്ക്, അല്ലെങ്കിൽ എവിടേക്കും, അടുത്ത വിമാനം പിടിക്കാം. അതല്ലെങ്കിൽ, നിങ്ങൾക്ക് ഫ്രാങ്ക്ഫർട്ട് വഴിയോ സിംഗപ്പൂർ വഴിയോ അടുത്ത ഫ്ളൈറ്റു പിടിച്ച് അവിടെ എത്തിച്ചേരാം. ഇതേപോലെ, നമ്മുടെ ആദ്ധ്യാത്മികയാത്രയിലും മൂന്ന് ഘട്ടങ്ങൾ അഥവാ മൂന്ന് നിലകൾ ഉണ്ട്. നമ്മുടെ ആദ്ധ്യാത്മിക ഉദ്യമത്തിൽ നാം എത്തിച്ചേരാനായി പരിശ്രമിക്കുന്ന മൂന്ന് ഘട്ടങ്ങൾ ഉണ്ട്.

## വിദ്യാർത്ഥി ഘട്ടം

ആദ്യത്തെ ഘട്ടം ഒരു വിദ്യാർത്ഥിയുടേതാണ്. "ഞാൻ എവിടെയാണ്?" ഞാൻ ഒരു വിദ്യാർത്ഥിയുടെ ഘട്ടത്തിലാണോ? അതാണ് നമ്മൾ നമ്മോടുതന്നെ ചോദിക്കേണ്ട ചോദ്യം. ഞാൻ ഒരു വിദ്യാർത്ഥിയാണോ?

ആരാണ് ഒരു വിദ്യാർത്ഥി? നമ്മുടെ പതിവു ധാരണയനുസരിച്ച്, ഒരു വിദ്യാർത്ഥി എന്നത്, ഒരു സ്കൂളിലോ കോളജിലോ അഥവാ യൂണിവേഴ്സിറ്റിയിലോ അഡ്മിഷൻ കിട്ടുന്ന ആളാണ്. ഒരു വിദ്യാർത്ഥി എന്നത്, റഗുലർ ഫീസ് കൊടുക്കുന്ന, അദ്ധ്യാപ കനെ ശ്രദ്ധിക്കുന്ന(അവന് താത്പര്യമുണ്ടെങ്കിൽ), അല്ലെങ്കിൽ അനിശ്ചിതകാല ത്തേക്ക് സമരം ചെയ്യുന്ന ഒരുവനാണ്! ഇനി, നമ്മുടെ പതിവു ധാരണ പ്രകാരം, അത്തരമൊരു വിദ്യാർത്ഥി ഒരു സ്ഥിരം ശല്യമാണ്, ഓരോ ദിവസത്തെയും ന്യൂസ് പേപ്പറിൽ മുൻപേജിൽ പ്രത്യക്ഷപ്പെടുന്ന അവന്റെ പേര് സമൂഹത്തിന്റെ ശാന്തിക്ക് ദോഷകരമാണ്! അത്തരം വിദ്യാർത്ഥിയുടെ കാര്യമല്ല ഇവിടെ നമ്മൾ പരാമർശിക്കുന്നത്.



ആപേക്ഷികതാ സിദ്ധാന്തം പഠിപ്പിക്കുന്ന ആൽബർട്ട് ഐൻസ്റ്റീൻ (1922)

“ഒരു വിദ്യാർത്ഥി ആരാണ്?” ഒരു വിദ്യാർത്ഥി എന്നത് ഒരു അദ്ധ്യാപകന്റെ മുമ്പാകെ ഇരിക്കുന്നവനാണ്. ഒരു അദ്ധ്യാപകൻ ഇല്ലാത്തിടത്തോളം ‘വിദ്യാർത്ഥി’ എന്ന വാക്കിന് അർത്ഥമൊന്നുമില്ല. “അല്ല സാർ, എനിക്ക് അദ്ധ്യാപകരാരുമില്ല. ഞാൻ, താങ്കൾക്കറിയാവുന്നപോലെ.. ഞാൻ വിദൂര വിദ്യാഭ്യാസം, കറസ്പോണ്ടൻസ് വിദ്യാഭ്യാസം ചെയ്യുന്നയാളാണ്. ഞാൻ ഒരു ഓപ്പൺ യൂണിവേഴ്സിറ്റി വിദ്യാർത്ഥിയാണ്. എനിക്ക് അദ്ധ്യാപകരില്ല പക്ഷേ, ഞാനൊരു വിദ്യാർത്ഥിയാണ്.”




നിങ്ങളിൽ ചിലരെങ്കിലും ഇങ്ങനെയൊക്കെ പറഞ്ഞേക്കും. പക്ഷേ, ആ കേസിൽ, നിങ്ങൾ പിന്തുടരുന്ന പുസ്തകമാണ് നിങ്ങളുടെ ടീച്ചർ. നിങ്ങൾ പിന്തുടരുന്ന ഗൈഡാണ് നിങ്ങളുടെ അദ്ധ്യാപകൻ. ആ പുസ്തകവും ഈ പുസ്തകവുമൊക്കെ റഫർ ചെയ്യണമെന്ന് നിങ്ങളോടു നിർദ്ദേശിക്കുന്ന വ്യക്തി നിങ്ങളുടെ അദ്ധ്യാപകനാണ്. അപ്പോൾ, നിങ്ങളെ നയിക്കുന്നവരാരുമാവട്ടെ, നിങ്ങളുടെ അദ്ധ്യാപകരാണ്.

ഒരു വിദ്യാർത്ഥിയെന്ന നിലയ്ക്ക്, ഒരുവന് അവൻ പിന്തുടരേണ്ട കൃത്യമായ വഴിയും ചെയ്യേണ്ട കാര്യവും നിർദ്ദേശിക്കുന്ന, അവശ്യമായ മാർഗനിർദ്ദേശവും സഞ്ചരിക്കേണ്ടതായ ദിശയും നൽകുന്ന ഒരു ഗുരു ഉണ്ടാവേണ്ടത് ആവശ്യമാണ്. അതിനാൽ, ഒരു അദ്ധ്യാപകനില്ലാതെ വല്ല മാർഗവുമുണ്ടോ? ആ മാർഗം നിങ്ങളെ ആശയക്കുഴപ്പത്തിലേക്ക് നയിക്കുന്നു! അദ്ധ്യാപകൻതന്നെ നിങ്ങൾക്ക് ആശയക്കുഴപ്പത്തിന് മതിയാവും! അപ്പോൾ, ഒരു യഥാർത്ഥ ഗുരുവില്ലാതെ, ആശയക്കുഴപ്പം ഉറപ്പാണ്! അതുകൊണ്ട്, ഒരു ശരിയായ അദ്ധ്യാപകൻ വേണ്ടതാണ്.



ഭഗവാൻ മുമ്പ് നൽകിയിട്ടുള്ള ഏതാനും ഉദാഹരണങ്ങളുണ്ട്. എന്താണവ? എനിക്ക് ബോംബെ സന്ദർശിക്കണമെന്നുണ്ടെന്നിരിക്കട്ടെ. അങ്ങനെയെങ്കിൽ, ഞാൻ ബോംബെയിൽ ചെല്ലുമ്പോൾ, അവിടെ വിവിധ സ്ഥലങ്ങളിൽ എന്നെ കൊണ്ടുപോ

വാനായി ആരെങ്കിലും വേണം. എനിക്ക് ഒറ്റയ്ക്ക് കൈകാര്യം ചെയ്യാൻ പറ്റില്ല. ഒരു ഗ്രാമപ്രദേശത്തുനിന്നും, വ്യത്യസ്തമായ ഭാഷ സംസാരിക്കുന്ന പട്ടണത്തിൽ നിന്ന് വരുന്ന ആളായതിനാൽ, എനിക്ക് ബോംബെയിൽ സ്വതന്ത്രമായി ഇടപഴകാനാവില്ല. അതുകൊണ്ട്, തെരുവുകളൊക്കെ കണ്ട് ആസ്വദിക്കാനും ചില കലാവസ്തുക്കൾ നോക്കി കാണുന്നതിനും നഗരത്തിൽ കറങ്ങുന്നതിനായി ഏതെങ്കിലും ഗൈഡിനെ ആവശ്യമുണ്ടെനിക്ക്. അപ്പോൾ, ബോംബെ ചുറ്റിക്കറങ്ങുന്നതിന് എന്നെ കൊണ്ടുപോകുന്ന ഗൈഡ് എന്റെ അദ്ധ്യാപകനാണ്. ഈ ഗൈഡിനെ കൂടാതെ ഞാൻ ദിശാബോധമില്ലാത്ത, ലക്ഷ്യ ബോധമില്ലാത്ത, വെറുതേ കറങ്ങിനടക്കുന്ന, ഒരു വിദ്യാർത്ഥിയായിരിക്കും. അത് കേവലം ചുറ്റിത്തിരിയലും അലസതയുമായിരിക്കും, അതൊരു മടിയന്റെ ലക്ഷണമാണ്, ആത്മാർത്ഥതയുള്ള ഒരു വിദ്യാർത്ഥിയുടേതല്ല. അപ്പോൾ, ഒരു വിദ്യാർത്ഥിക്ക് ശരിയായ ദിശ കാട്ടിത്തരുന്നതിനായി ഒരു അദ്ധ്യാപകനെ ആവശ്യമുണ്ട്.



ഭഗവാൻ നൽകിയിട്ടുള്ള രണ്ടാമത്തെ ഉദാഹരണം ഇതാണ്: നിങ്ങൾ ഒരു ഭൂപടം നോക്കിയിട്ട്, “ബോംബെ ഇവിടെയാണ്, കൽക്കട്ട ഇവിടെയാണ്, മദ്രാസ് ഇവിടെയാണ്” എന്നിങ്ങനെ പറയുകയാണെന്നിരിക്കട്ടെ. ആ നഗരങ്ങളിലെ വസ്തുതകളുടെ യഥാർത്ഥ നേരനുഭവം ഇത് നിങ്ങൾക്ക് തരില്ല. അവിടെ പോകുന്ന രസമോ, അല്ലെങ്കിൽ അവിടെ ശരിക്കുമുള്ള കാര്യങ്ങൾ കാണുന്നതിന്റെ സന്തോഷമോ അതു നിങ്ങൾക്ക് നൽകുകയില്ല. നിങ്ങൾ മാപ്പു മാത്രമാണ് കണ്ടത്. “ഇതാണ് ന്യൂയോർക്ക്, ഇതാണ് വാഷിംഗ്ടൺ, ഇത് ചിക്കാഗോയാണ്, ഇത് ബോസ്റ്റൺ ആണ്” എന്നിങ്ങനെ നിങ്ങൾ പറയുകയാണെങ്കിൽ, നിങ്ങൾക്ക് മാപ്പ് മാത്രമേ അറിവുള്ളൂ, ആ സ്ഥലങ്ങൾ സന്ദർശിക്കുന്നതിലെ ആവേശമോ ആനന്ദമോ ഇല്ല. ഇതേപോലെ, അദ്ധ്യാപകനില്ലാത്ത ഒരു വിദ്യാർത്ഥി, മാപ്പ് നോക്കിയിട്ട് ആ സ്ഥലങ്ങൾ സന്ദർശിച്ച അനുഭവമുള്ളതായി വീമ്പിളക്കുന്ന വ്യക്തിയെപ്പോലെയാണ്. അപ്പോൾ, ഒരു സ്ഥലം ശരിക്കും സന്ദർശിക്കുന്നതിലെ അനുഭവം, കേവലം മാപ്പിൽ നോക്കുന്നതിൽനിന്ന് തുലോം വ്യത്യസ്തമാണ്. ഇതാണ് ഭഗവാൻ നൽകിയിട്ടുള്ള രണ്ടാമത്തെ ഉദാഹരണം.



മൂന്നാമത്തെ ഉദാഹരണം കാണിക്കുന്നത്, ഒരു അദ്ധ്യാപകൻ ദിശ കാട്ടിത്തരിക മാത്രമേ ചെയ്യുന്നുള്ളൂ എന്നാണ്. അദ്ദേഹം നിങ്ങളെ കൂട്ടിക്കൊണ്ടുപോവില്ല. ഞാൻ



ക്ലാസ്സിൽ പഠിപ്പിക്കുന്നു പക്ഷേ, എന്റെ വിദ്യാർത്ഥികൾക്കുവേണ്ടി എനിക്ക് പഠിക്കാനാവില്ല. ഞാൻ ക്ലാസ്സിൽ പഠിപ്പിക്കുന്നു പക്ഷേ, ഒരു പരീക്ഷയിൽ എന്റെ വിദ്യാർത്ഥികൾക്കുവേണ്ടി എനിക്ക് എഴുതാനാവില്ല. അപ്പോൾ, ഒരു അദ്ധ്യാപകന് ഒരു വിദ്യാർത്ഥിക്കു പകരം എഴുതാനാവില്ല. അദ്ധ്യാപകൻ ഒരു വഴികാട്ടി, ഗൈഡ്, മാത്രമാണ്. അദ്ധ്യാപകൻ നിങ്ങൾക്ക് ഒരു തരത്തിൽ വഴികാട്ടുന്നുവെന്നേയുള്ളൂ. അത്ര മാത്രം.

രണ്ടാമത്തെ വസ്തുതയെന്നത്, ഒരു വിദ്യാർത്ഥിക്കു ലഭ്യമാകുന്ന വിവരം മറ്റൊരാളിന്റെ കൈവശമുള്ള വിവരം(second-hand information), കടം കൊണ്ട വിവരം ആണ്. ഒരു വിദ്യാർത്ഥിക്കും അവന്റെ സ്വന്തമായ അറിവില്ല. ടീച്ചർ എന്തു പറയുന്നോ, അതവൻ കേൾക്കുന്നു. അത്ര മാത്രം. ടീച്ചർ സ്വയം ഒരു തലമുറയിൽനിന്ന് മറ്റൊരു തലമുറയിലേക്ക് വിവരം കൈമാറുകയാണ്. 39 വർഷക്കാലം ഒരു ടീച്ചറായിരുന്ന എനിക്ക് പറയാനാവുന്നത് ഇത്ര മാത്രമാണ്-എനിക്ക് എന്നെ ഏൽപ്പിക്കപ്പെട്ട വിദ്യാർത്ഥികളുടെ 39 ബാച്ചിന് അറിവ് കൈമാറാനായി. ഈ അറിവുകളൊന്നുപോലും എന്റെ സ്വന്തമായിരുന്നില്ല; ഒന്നുപോലും എന്റെ സർഗാത്മകത, കണ്ടുപിടുത്തം, കണ്ടെത്തൽ, ആവിഷ്കാരം ആയിരുന്നില്ല. അതെല്ലാം പുസ്തകജ്ഞാനം(bookish knowledge), ഉപരിപ്ലവമായ അറിവ് ആണ്. അത് കടം കൊണ്ട വിവരം ആണ്. ഒരു വിദ്യാർത്ഥി അവന്റെ കൂടെ കൊണ്ടുനടക്കുന്ന രണ്ടാമത്തെ കാര്യം അതാണ്.




മൂന്നാമത്തെ വസ്തുതയെന്നത്, ഒരു വിദ്യാർത്ഥി മിടുക്കനാണെന്ന് നാം പറയുക അവന് നല്ല ഓർമ്മശക്തി(memory power)യുണ്ടെങ്കിലാണ്. പരീക്ഷാസമയത്ത്, താൻ പഠിച്ചതൊക്കെ ഓർത്തിരിക്കാനും പുനർവിചിന്തനം ചെയ്യാനും പകർത്തിയെഴുതാനും അവന് കഴിഞ്ഞാൽ, അപ്പോൾ അവന് സ്വർണ്ണമെഡൽ ലഭിക്കുന്നു. അപ്പോൾ, ഒരു വിദ്യാർത്ഥിയുടെ വിജയം പൂർണ്ണമായും അവന്റെ പുനർവിചിന്തനശേഷിയെയും ഓർമ്മശക്തിയെയും പരീക്ഷയിൽ ആ വിവരം പകർത്തിയെഴുതാനുള്ള കഴി



വിനെയും ആശ്രയിച്ചിരിക്കുന്നു. ആയതിനാൽ, ഒരു വിദ്യാർത്ഥി എല്ലായ്പോഴും മനസ്സുമായി ഇടപെടുന്നു.

അപ്പോൾ, ഒരു വിദ്യാർത്ഥി മനസ്സിനെ, അവന്റെ ഓർമ്മയെ, പുനർവിചിന്തനശേഷിയെ(recapitulation power), പരീക്ഷയിൽ അത് പകർത്തിയെഴുതാനുള്ള




കഴിവിനെ, ആശ്രയിക്കുന്നു. പരീക്ഷാസമയത്ത്, അവൻ മുമ്പ് അവനോടു പറയപ്പെട്ടതെല്ലാം ഓർത്തെടുക്കുന്നു, അവന്റെ സ്വന്തം കൈപ്പടയിൽ അതൊക്കെ ഉത്തരമായി എഴുതിവയ്ക്കുന്നു. ഒരു വിദ്യാർത്ഥിയുടെ നില ഇതാണ്. അവൻ അവന്റെ ഉത്തരങ്ങൾ ആധാരമാക്കുന്നത് അദ്ധ്യാപകന്റെ കടംകൊണ്ട അറിവിന്മേലാണ്, ഈ അർത്ഥത്തിൽ അവൻ അദ്ധ്യാപകനുമായി സമരസപ്പെടുന്നു. ഇപ്രകാരം, വിദ്യാർത്ഥി അവന്റെ മനസ്സിനെ ആശ്രയിക്കുന്നു.

നാലാമത്തെ വസ്തുതയെന്നത്, ഒരു വിദ്യാർത്ഥി എല്ലായ്പോഴും ഒരു അദ്ധ്യാപകനിൽനിന്ന് വ്യത്യസ്തനാണ് എന്നതാണ്. അവൻ ക്ലാസ്സ് റൂമിൽ അദ്ധ്യാപകന്റെ സമീപത്താണ്. പക്ഷേ ക്ലാസ്സ് റൂമിനു പുറത്ത്, സ്കൂൾ പീരിയഡിനു വെളിയിൽ, യൂണിവേഴ്സിറ്റി പ്രവൃത്തിസമയത്തിനു പുറത്ത്, ഇരുവരെയും ഒരു ചൂതാട്ട ഹാളിൽ, ഒരു അവധിക്കാല സത്രത്തിൽ, സ്മിത്ത്സോണിയൻ ഇൻസ്റ്റിറ്റ്യൂട്ടിൽ, അല്ലെങ്കിൽ മറ്റെവിടെയും, ഒരുമിച്ച് കണ്ടേക്കാം. അദ്ധ്യാപക-വിദ്യാർത്ഥി ബന്ധം ക്ലാസ്സ് റൂമിനുള്ളിൽ മാത്രമാണ് നിലവിലുള്ളത്, പുറത്തല്ല. ആ പരിതാപകരമായ അവസ്ഥയിലേക്ക് കാര്യങ്ങളെത്തിയിരിക്കുന്നു. ക്ലാസ്സ് റൂമിൽ ആ ബന്ധം നിലനിൽക്കുന്നെങ്കിൽത്തന്നെ, അവർ പറയും, "ഉള്ളതൊക്കെ മതി!" പുത്തൻ പ്രവണത ഇങ്ങനെയാണ്, അത് പഴയ കാലത്തേതിൽനിന്ന് വ്യത്യസ്തമാണ്.



ഒരു അദ്ധ്യാപക-വിദ്യാർത്ഥി ബന്ധം കാലബദ്ധവുമാണ്. ഒരു വിദ്യാർത്ഥിക്ക് അവന്റെ ജീവിതകാലം മുഴുവനും ഒരേ അദ്ധ്യാപകനൊപ്പം കഴിച്ചുകൂട്ടാനാവില്ല. തന്നെയുമല്ല, അദ്ധ്യാപകൻ നിങ്ങളുടെ വെളിയിലാണ് അവശേഷിക്കുന്നത്, അദ്ധ്യാപകൻ ബാഹ്യമായാണ് എന്നർത്ഥം. അയാൾ പഠിപ്പിക്കുന്നു. അയാൾ നിങ്ങൾക്കു

മുമ്പിൽ ഇരുന്നേക്കാം, അയാൾ ബ്ലാക് ബോർഡിനു മുമ്പിൽ നിന്നേക്കാം, എന്നാൽ അയാൾ നിങ്ങളിൽനിന്ന് വേറിട്ടയാളാണ്. അതൊരു ബാഹ്യമായ ആശയവിനിമയമാണ്, ഒരു വാചികമായ ആശയവിനിമയ(verbal communication)മാണ്, ഒരു ശബ്ദസംബന്ധിയായ പകരലാണ്, വാക്കുകളുടെ ആവിഷ്കരണമാണ്. ഒരു അദ്ധ്യാപകന് വിദ്യാർത്ഥിയോടുള്ള കർമ്മമാണിത്, അദ്ധ്യാപകൻ വെളിയിലാണ്. അപ്പോൾ, ബാഹ്യാദ്ധ്യാപകൻ(external teacher) വിദ്യാർത്ഥിയുടെ വെളിയിലാണ്.




ഇനി, ഒരു വിദ്യാർത്ഥി ഗ്രഹിക്കുന്ന ഗുണങ്ങൾ നമുക്ക് നോക്കാം. അവന് പഠനത്തിനായുള്ള ജിജ്ഞാസ(inquisitiveness) വേണം. അവൻ ജിജ്ഞാസു, സ്വീകരണസന്നദ്ധൻ, മത്സരബുദ്ധി ആവണം, അതുപോലെ പരീക്ഷണോത്സുകനായിരിക്കണം അവൻ. പരീക്ഷണ കുതുകിയാവണം അവൻ അല്ലെങ്കിൽ, പരീക്ഷണം നടത്തുന്ന പ്രവണതയുണ്ടാവണം. അദ്ധ്യാപകൻ പറഞ്ഞതെല്ലാം സ്വയം അനുഭവിക്കുന്നതിന് വിദ്യാർത്ഥി ആഗ്രഹിക്കുന്നു. സ്വന്തം അനുഭവം കൂടാതെ, അദ്ധ്യാപകൻ പഠിപ്പിച്ചതെല്ലാം സ്വാംശീകരിക്കുന്നതിന് അവൻ ആഗ്രഹിക്കുന്നില്ല.



അവസാനമായി, ഒരു വിദ്യാർത്ഥി ഒരു അദ്ധ്യാപകനിൽനിന്ന് തനിക്ക് കൂടുതൽ വിശ്വാസമുള്ള മറ്റൊരു അദ്ധ്യാപകനിലേക്ക് മാറാം. ഞാൻ ഒരു വിഷയം ഏറ്റവും നന്നായി പഠിപ്പിക്കുന്നു എന്ന് നിങ്ങൾ ചിന്തിക്കുന്നുവെങ്കിൽ, നിങ്ങൾ എന്റെയടുത്ത് വരും. മറ്റൊരു അദ്ധ്യാപകന് കൂടുതൽ അറിവുണ്ട് എന്നു നിങ്ങൾക്കു തോന്നിയാൽ, നിങ്ങൾ അദ്ദേഹത്തിന്റെയടുത്ത് പോകും. അപ്പോൾ, ഇതൊരു മാറാവുന്ന സാഹചര്യമാണ്. നിങ്ങൾക്ക് നിങ്ങളുടെ സ്ഥാപനം മാറ്റാം, നിങ്ങൾക്ക് നിങ്ങളുടെ മനോഭാവം മാറ്റാം, നിങ്ങൾക്ക് നിങ്ങളുടെ ഐച്ഛികവിഷയങ്ങൾ മാറ്റാം.

ഒരു വിദ്യാർത്ഥിയായിരിക്കുന്നതുമായി ബന്ധപ്പെട്ട സവിശേഷതകളും വസ്തുതകളുമാണിവ. അപ്പോൾ, "ഞാൻ എവിടെയാണ്?"(Where am I?) ഞാനൊരു വിദ്യാർത്ഥിയാണോ? പുസ്തകവായനയിലൂടെ ബാബയെക്കുറിച്ച് മനസ്സിലാ



ക്കാൻ ശ്രമിക്കുകയാണോ ഞാൻ? ബാബയെ അവിടുത്തെ പ്രഭാഷണങ്ങളിലൂടെ, കാസറ്റുകൾ കേൾക്കുന്നതിലൂടെ, വീഡിയോ കാസറ്റുകൾ കാണുന്നതിലൂടെ, അറി




യാനായി ശ്രമിക്കുകയാണോ ഞാൻ? അങ്ങനെയാണെങ്കിൽ, ഞാനൊരു വിദ്യാർത്ഥിയാണ്. അപ്പോൾ ഞാനൊരു വിദ്യാർത്ഥിയുടെ അവസ്ഥയിലാണ്.

പ്രഫ. അനിൽകുമാർ നമ്മുടെ സ്വയം കണ്ടെത്തലിനായി നമ്മെ സഹായിക്കുന്നത് അടുത്ത ലക്കത്തിൽ തുടരും.

നിങ്ങളുടെ സമയത്തിന് നന്ദി.

ഓം സായിരാം!



(തുടരും)

**പ്രഫ. അനിൽകുമാർ കാമരാജു –** (*Sai-Vedam* പേജ് 253-261)
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)